# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 173** **22.01.2014 -ൽ മറുപടിക്ക്**

### ബോർഡുകളുടെയും കോർപ്പറേഷനുകളുടെയും ചെയർമാൻ പദവികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ :<br>ശ്രീ. എ.കെ. ബാലൻ :<br>ശ്രീ. എ.എം. ആരിഫ് :<br>ശ്രീ. കെ. കെ. നാരായണൻ : | ശ്രീ. ഉമ്മൻ ചാണ്ടി<br>മുഖ്യമന്ത്രി |
| (എ) പൊതുമേഖലാ സ്ഥാപനങ്ങളിലേതുൾപ്പെടെ എല്ലാ ബോർഡുകളുടെയും കോർപ്പറേഷനുകളുടെയും ചെയർമാൻ പദവികൾ ഏകീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | (എ) ഇല്ല. എന്നാൽ 9.9.2013 ലെ സർക്കാർ ഉത്തരവ് നം.45/2013/പ്ലാനിംഗ് പ്രകാരം പൊതുമേഖലാ സ്ഥാപനങ്ങളിലെ ചെയർമാൻമാരുടെ പദവിയും ചുമതലകളും ആനുകൂല്യങ്ങളും പുനഃനിർണ്ണയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ഉൾക്കൊള്ളിക്കുന്നു. |
| (ബി) മന്ത്രി തുല്യ പദവിയോ സൗകര്യങ്ങളോ ഏതെല്ലാം ചെയർമാൻമാർക്കാണ് നൽകിയിട്ടുള്ളത് ; | (ബി) കേരള സ്റ്റേറ്റ് വെൽഫയർ കോർപ്പറേഷൻ ഫോർ ഫോർവേഡ് കമ്മ്യൂണിറ്റിസ് ലിമിറ്റഡിന്റെ ചെയർമാനായ ശ്രീ. ആർ. ബാലകൃഷ്ണ പിള്ളയ്ക്ക് ക്യാബിനറ്റ് റാങ്കും എക്സിക്യൂട്ടീവ് പവ്വേഴ്സും നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പദവിയും സൗകര്യങ്ങളും ഏകീകരി-ക്കുമ്പോൾ ഓരോ സ്ഥാപനത്തിന്റെയും സാമ്പത്തിക സ്ഥിതിയും ഘടനയും പ്രവർത്തനവും പരിഗണിച്ചിട്ടുണ്ടോ ; | (സി) | ഉത്തരം 'എ' യുടെ അടിസ്ഥാനത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല. |
| (ഡി) | പ്ലാനിംഗ് ബോർഡ് പ്രസ്തുത വിഷയം സംബന്ധിച്ച് നൽകിയ ശുപാർശകൾ എന്താണെന്ന് വിശദമാക്കാമോ ; | (ഡി) | പ്രസ്തുത വിഷയം സംബന്ധിച്ച് പ്ലാനിംഗ് ബോർഡിൽ നിന്ന് ശുപാർശകൾ ലഭിച്ചിട്ടില്ല. |
| (ഇ) | പദവിയും ആനുകൂല്യങ്ങളും സംബന്ധിച്ച് പുതുതായി കൈക്കൊണ്ട തീരുമാനങ്ങൾ എന്തൊക്കെയാണ് ; വ്യക്തമാക്കാമോ ; | (ഇ) | മേൽ പിരിവ് (എ) യിൽ പരാമർശിച്ചിട്ടുള്ള വിവരങ്ങൾക്ക് പുറമേ പുതിയ തീരുമാനങ്ങൾ കൈക്കൊണ്ടിട്ടില്ല. |
| (എഫ്) | പ്രസ്തുത വിഷയത്തിൽ സ്ഥാപനങ്ങൾക്ക് സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്ന തീരുമാനങ്ങൾ ഉണ്ടോ ; എങ്കിൽ അധിക സാമ്പത്തിക ബാദ്ധ്യതകൾ എന്തൊക്കെയാണ്; വിശദമാക്കാമോ ? | (എഫ്) | ഉണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ ചെയർമാൻമാർക്ക് അനുവദിച്ചിട്ടുള്ള ഹോണറേറിയം, സിറ്റിംഗ് ഫീ, യാത്രാ ബത്ത, മൊബൈൽ ഫോൺ സൗകര്യം എന്നീ ആനുകൂല്യങ്ങൾക്ക് അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്നുണ്ട്. ഇത് കൃത്യമായി തിട്ടപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**